**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 404** **20-07-2022 - ൽ മറുപടിയ്ക്ക്**

**മാതൃഭാഷ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒരു ദശാബ്ദ കാലമായി മലയാള അക്ഷര മാല അതിന്റെ പരാമ്പരാഗതമായ രീതിയിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നുണ്ടായിരുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | **ഒരു ദശാബ്ദകാലമായി മലയാള അക്ഷരമാല അതിന്റെ പരാമ്പരാഗതമായ രീതിയിൽ പഠിപ്പിക്കുന്ന രീതി ഉണ്ടായിരുന്നില്ല. 2011 -ൽ അച്ചടിച്ച രണ്ടാം ക്ലാസ്സിലെ മലയാളം പാഠപുസ്തകത്തിൽ അക്ഷരമാല നൽകിയിരുന്നു. അതിനു ശേഷം അച്ചടിച്ച പുസ്തകങ്ങളിൽ അക്ഷര മാല ഉൾപ്പെടുത്തിയിരുന്നില്ല. 2022-23 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന 2-ാം ക്ലാസിലെ മലയാളം പാഠപുസ്തകം 2-ാം ഭാഗം , 1-ാം ക്ലാസിലെ മലയാളം പാഠപുസ്തകം 3-ാം ഭാഗം എന്നിവയിൽ ഭാഷാ വിദഗ്ധ സമിതി നൽകി കേരള സർക്കാർ അംഗീകരിച്ച പുതിയ അക്ഷരമാല ഉൾച്ചേർക്കാൻ വേണ്ട നടപടികൾ പൂർത്തിയായിക്കഴിഞ്ഞു.** |
| (ബി) | മാതൃഭാഷ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി സ്കൂൾ തലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മാതൃഭാഷ പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് മലയാളത്തിളക്കം, ശ്രദ്ധ, വായനച്ചങ്ങാത്തം, വായന വസന്തം, നല്ല മലയാളം മുതലായ പദ്ധതികളും വിദ്യാരംഗം കലാസാഹിത്യവേദിയുടെ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br><br>**<u>മലയാളത്തിളക്കം</u>** :- 2016-17 അദ്ധ്യയന വർഷം മൂന്ന്, നാല് ക്ലാസുകളിലും 2017-18 യു.പി ഹൈസ്കൂൾ വിഭാഗങ്ങളിലും ആശയാവതരണത്തിലൂടെ എഴുത്തും വായനയും ഉറപ്പാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മലയാളത്തിളക്കം. ആസ്വദിച്ച് ഭാഷ പഠിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. അസാധ്യമായി ഒന്നുമില്ല എന്ന സന്ദേശമാണ് മലയാളത്തിളക്കം പദ്ധതി മുന്നോട്ടുവയ്ക്കുന്നത്. ഇതിനായി പ്രത്യേക മൊഡ്യൂളും കൈപ്പുസ്തകവും തയ്യാറാക്കിയിരുന്നു. ആസ്വദിച്ച് ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളും ശിശു കേന്ദ്രീകൃത സമീപനം |

| | | | |
|---|---|---|---|
| | | | ഉന്നതരൂപത്തിൽ പ്രയോഗിക്കുന്ന അദ്ധ്യാപകരും വ്യക്തിഗത പിന്തുണയും നിരന്തര വിലയിരുത്തലും സൂക്ഷ്മമായ പാഠാസൂത്രണവും അനുക്രമമായ വികാസവും ഫീഡ്ബാക്ക് നൽകലും മലയാളത്തിളക്കത്തിന്റെ സവിശേഷതകളായിരുന്നു.<br><br>**<u>ശ്രദ്ധ</u>** :- 2017-18 അദ്ധ്യയനവർഷം മുതൽ ആരംഭിച്ച പരിപോഷണ പദ്ധതിയാണ് ശ്രദ്ധ. ഇതിൽ വിവിധ വിഷയങ്ങൾക്കുള്ള മൊഡ്യൂൾ ഉണ്ടെങ്കിലും ഭാഷാപഠനത്തിന് സവിശേഷ പ്രാധാന്യം നൽകിയിരുന്നു. വിവിധ ദിവസങ്ങളിൽ വിവിധ മണിക്കൂറുകളായി നൽകിയ 'ശ്രദ്ധ' പദ്ധതി ഭാഷാപഠനത്തെ വികസിപ്പിക്കുന്നതിന് സഹായകമായി.<br><br>**<u>വായനച്ചങ്ങാത്തം</u>** :- എൽ.പി ക്ലാസ്സുകളിൽ മലയാള ഭാഷാപഠനം ശക്തവും ആകർഷകമാക്കുന്നതിന് എസ്.എസ്.കെ നടപ്പിലാക്കുന്ന പദ്ധതിയാണ് വായനാച്ചങ്ങാത്തം. പാഠഭാഗവുമായി ബന്ധപ്പെടുത്തി അധിക വായനയ്ക്കും ഒപ്പം കഥ, കവിത എന്നിവ രസകരമായി പരിചയപ്പെടുത്തുന്നതിനും സർഗ്ഗാത്മക രചനകളിലേയ്ക്ക് കുട്ടികളെ നയിക്കുന്നതിനുമാണ് വായനച്ചങ്ങാത്തം കൊണ്ട് ലക്ഷ്യമിടുന്നത്.<br><br>**<u>വായന വസന്തം :-</u>** കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി എസ്.എസ്.കെയും പൊതുവിദ്യാഭ്യാസ വകുപ്പും നടപ്പാക്കുന്ന പരിപോഷണ പരിപാടിയാണ് വായന വസന്തം. എൽ.പി തലത്തിലാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. 1 മുതൽ 4 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ലളിതവും കൗതുകവും ജനിപ്പിക്കുന്ന പുസ്തകങ്ങൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. 1,2 ക്ലാസുകൾക്ക് പവിഴമല്ലി, പൂന്തോണി എന്നിവയും 3,4 ക്ലാസ്സുകൾക്കായി കുന്നിമണികൾ, രസത്തു ള്ളികൾ എന്നിവയും തയ്യാറാക്കിയിട്ടുണ്ട് .<br><br>**<u>നല്ല മലയാളം</u>** :- കേരളത്തിലെ തമിഴ് , കന്നഡ മീഡിയം സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മലയാളപഠനം ലക്ഷ്യമിട്ട് എസ്.സി.ഇ.ആർ.ടി നടപ്പിലാക്കിയ പദ്ധതിയാണ് നല്ല മലയാളം. ഒന്നു മുതൽ നാലുവരെ ക്ലാസുകൾക്കുള്ള 'നല്ലമലയാളം ' പാഠപുസ്തകം എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | പാഠ്യപദ്ധതി പരിഷ്കരിക്കുന്നതോടൊപ്പം മാതൃഭാഷ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളിൽ ഭാഷയോടും സാഹിത്യത്തോടും കൂടുതൽ താല്പര്യം | (സി) | മാതൃഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളിൽ ഭാഷയോടും സാഹിത്യത്തോടും താൽപര്യം ജനിക്കുന്നതിനും ഉതകുന്ന പാഠഭാഗങ്ങൾ |

| | | | |
|---|---|---|---|
| | ജനിപ്പിക്കുന്നതിനും പര്യാപ്തമായ പാഠ ഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ; | | പുതിയ പാഠ്യപദ്ധതി പരിഷ്കരണം നടക്കുന്ന വേളയിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) | മലയാള ലിപി പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം തലത്തിലുള്ള പരിഷ്കാരങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. 1971 -ൽ നിലവിൽവന്ന ലിപിപരിഷ്കരണ നിർദ്ദേശങ്ങളിൽ ലഘുവായ മാറ്റം വരുത്തിയിട്ടുണ്ട്. **യ്, ര്/റ്** എന്നിവയുടെ '്യ' , ' ്ര' എന്നീ ഉപ ചിഹ്നങ്ങൾ വ്യഞ്ജനങ്ങളോടൊപ്പം ചേർത്ത് **ക്യ, പ്യ, ത്യ, ക്ര, പ്ര, ത്ര** എന്നിങ്ങനെ ഉപയോഗിക്കണം, ' ്ല ' (ഉദാ : പ്ല, ക്ല) എന്നത് ഉപചിഹ്നമായി ലിപികളോടൊപ്പം ചേർക്കണം തുടങ്ങിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ